"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - കൊല്ലം ജില്ലയിലെ ഏരൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീമതി. ശോഭ. ബി യ്ക്ക് 21.05.2018 മുതൽ 30.06.2020 വരെ ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1525/2022/LSGD തീയതി,തിരുവനന്തപുരം, 25-06-2022

---

പരാമർശം:-
1. ശ്രീമതി.ശോഭ. ബി സമർപ്പിച്ച 09.10.2019 തീയതിയിലെ അപേക്ഷ
2. പഞ്ചായത്ത് ഡയറക്ടറുടെ 01.11.2019, 31.03.2022 തീയതികളിലെ PAN/25760/2018- E10(DP) നമ്പർ കത്തുകൾ.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ഏരൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. ശോഭ. ബി 21.05.2018 മുതൽ 30.06.2020 വരെ മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചു. ശ്രീമതി. ശോഭ 07.12.2017 ലാണ് പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചത്. സേവനകാലം 3 വർഷം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ 90 ദിവസത്തിലധികമുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിനായി അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും സർവീസ് ബുക്കിന്റെ പകർപ്പും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കി. ശ്രീമതി. ശോഭ. ബി സമർപ്പിച്ചിരിക്കുന്ന പരാമർശം (1) ലെ അപേക്ഷയിൽ ഐ.വി.എഫ് ചികിൽസയ്ക്ക് വേണ്ടി 21.05.2018 മുതൽ 30.06.2020 വരെ മെഡിക്കൽ അവധി (ശൂന്യവേതനാവധി) അനുവദിക്കണമെന്ന് അപേക്ഷിക്കുകയും 01.01.2020 മുതൽ 30.06.2020 വരെയുള്ള കാലയളവിലേക്ക് അവധി ശുപാർശ ചെയ്യുന്ന Medical Officer & Capt AMC, HQ 330 INFBDE 26.09.2019 ൽ നൽകിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കിയിരുന്നു.

2. കെ.എസ്.ആർ ഭാഗം I ചട്ടം 88 (ii) പ്രകാരം മൂന്ന് വർഷത്തെ തുടർച്ചയായ സേവനമില്ലാത്ത ഉദ്യോഗസ്ഥന് ഒരു ഘട്ടത്തിൽ 3 മാസം വരെ മാത്രമെ ശൂന്യവേതനാവധി അനുവദിക്കാനാവുകയുള്ളൂ. ശ്രീമതി. ബി. ശോഭ യ്ക്ക് 21.05.2018 ൽ മൂന്ന് വർഷത്തെ തുടർച്ചയായ സേവനമില്ലാത്തതിനാലും അവധി കാലയളവ് മൂന്ന് മാസത്തിൽ അധികമാകുന്നതിനാലും മേൽ ചട്ടത്തിൽ ഇളവ് വരുത്തി മാത്രമെ ടി അവധി അനുവദിക്കാനാവൂ എന്നതിനാൽ ഇപ്രകാരം ചട്ടത്തിൽ ഇളവ് വരുത്തി ടിയാൾക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്ന് കരുതുന്ന പക്ഷം അസുഖ ചികിൽസ വിവരം രേഖപ്പെടുത്തിയ കെ.എസ്.ആർ ഭാഗം I ചട്ടം 117 പ്രകാരമുള്ള നിശ്ചിതമാതൃകയിലെ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം, അവധിക്ക് ശേഷം ടിയാൾ ജോലിയിൽ തിരികെ പ്രവേശിച്ച തീയതി വ്യക്തമാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് സർക്കാർ നിർദേശം നൽകിയിരുന്നു. ശ്രീമതി. ബി. ശോഭ ചികിത്സ

തേടിയിരുന്നത് മഹാരാഷ്ട്രയിലെ പൂനെ മിലിറ്ററി ഹോസ്പിറ്റലിലാണെന്നും ചികിത്സയുമായ ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റുകളെല്ലാം തന്നെ അവധി അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളതായും കെ.എസ്.ആർ ഭാഗം I ചട്ടം 117 പ്രകാരമുള്ള നിശ്ചിതമാതൃകയിലെ മെഡിക്കൽ സർട്ടിഫിക്കറ്റ് മിലിറ്ററി ഹോസ്പിറ്റലിൽ നിന്നും ലഭ്യമാക്കാൻ കഴിയില്ല എന്നും ശ്രീമതി. ബി. ശോഭ അറിയിച്ചിട്ടുള്ളതായും ടിയാരി ചികിത്സയ്ക്ക് ശേഷം 01.07.2020 ൽ അലയമൺ ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതും റവന്യു ഡിപ്പാർട്ട്മെന്റിൽ ക്ലാർക്കായി നിയമനം ലഭിച്ചിട്ടുള്ളതിനാൽ 31.12.2020 തീയതിയിൽ വകുപ്പ് വിട്ടുപോയിട്ടുള്ളതാണെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരവും അനന്തരനടപടികൾക്കായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീമതി. ശോഭ. ബി 21.05.2018 മുതൽ 30.06.2020 വരെ മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിനായുള്ള അപേക്ഷയാണ് സമർപ്പിച്ചിരിക്കുന്നതെങ്കിലും മെഡിക്കൽ സർട്ടിഫിക്കറ്റിൽ 01.01.2020 മുതൽ 30.06.2020 വരെ മാത്രമാണ് അവധി ശുപാർശ ചെയ്തിട്ടുള്ളത്. മാത്രമല്ല കെ.എസ്.ആർ ഭാഗം I ചട്ടം 117 പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ടിയാൾ ഹാജരാക്കിയിട്ടുമില്ല.

4. മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ ഏരൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീമതി. ശോഭ. ബി യ്ക്ക് 21.05.2018 മുതൽ 30.06.2020 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം I, ചട്ടം 88 (ii)- ൽ ഇളവ് വരുത്തി മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി. ശോഭ. ബി, ഓഫീസ് അറ്റൻഡന്റ്, ഏരൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, ഏരൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്),കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (ധെവ-1/87/2020-ധന (ഇ 1523609) തീയതി 23.06.2022)

വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ

പ്രസിദ്ധപ്പെടുത്തുന്നതിന്)

ഓഫീസ് പകർപ്പ് (ഇപിഎ2/2/2020-തസ്വഭവ)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Danuja M S
Date: 25-06-2022 14:58:29

സെക്ഷൻ ഓഫീസർ